**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ-എറണാകുളം റോഡിന്റെ വളവുകൾ നിവർത്തുന്നതിന് സ്ഥലമേറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലമേറ്റെടുപ്പ് മന്ദഗതിയിലാകുന്നതിനുള്ള കാരണം വിശദമാക്കാമോ; പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | കോട്ടയം ജില്ലയിൽ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുച്ചിറ, കടുത്തുരുത്തി, വടയാർ എന്നീ വില്ലേജിൽ ഉൾപ്പെട്ട 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകി 16/12/2021-ലെ സ.ഉ(സാധാ)നം. 4531/2021/റവ, 03/07/2022-ലെ സ.ഉ(സാധാ)നം. 2928/2022/റവ എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ് ഡിവിഷൻ നമ്പരുകളും, വടയാർ വില്ലേജിലെ എല്ലാ റീസർവെ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കി നൽകണമെന്ന് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) എന്നിവർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് വരുന്നു. അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും മഹസർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസർ എന്നിവ തയ്യാറാക്കുന്നതിന് ഇനി എത്ര സമയം ആവശ്യമാണെന്ന് അറിയിക്കാമോ; | (ബി) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ് ഡിവിഷൻ നമ്പരുകളും, വടയാർ വില്ലേജിലെ എല്ലാ റീസർവെ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കി നൽകണമെന്ന് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിന്മേൽ കോട്ടയം ജില്ലാ കളക്ടർ അഭിപ്രായം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സർവെ നമ്പരുകൾ കൂടി ഉൾപ്പെടുത്തുന്നത് പരിശോധിച്ച് 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസ്സർ എന്നിവ തയ്യാറാക്കിയും, നിർമ്മിതികളുടെയും, വൃക്ഷങ്ങളുടെയും, കാർഷിക |

| | | | |
|---|---|---|---|
| | | | വിളകളുടെയും വില നിർണ്ണയം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കിയും ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കുന്നതാണ്. |
| (സി) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ് ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ സബ് ഡിവിഷൻ നമ്പരുകളും റീസർവേ നമ്പരുകളും റിക്വസിഷനിലും സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തി ലഭ്യമാക്കണമെന്ന വിഷയത്തിൽ എന്ത് പുരോഗതി ഉണ്ടായിട്ടുണ്ടെന്നറിയിക്കാമോ; | (സി) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ് ഡിവിഷൻ നമ്പരുകളും, വടയാർ വില്ലേജിലെ എല്ലാ റീസർവെ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കി നൽകണമെന്ന് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിന്മേൽ കോട്ടയം ജില്ലാ കളക്ടർ അഭിപ്രായം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സർവെ നമ്പരുകൾ കൂടി ഉൾപ്പെടുത്തുന്നത് പരിശോധിച്ച് 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസ്സർ എന്നിവ തയ്യാറാക്കിയും, നിർമ്മിതികളുടെയും, വൃക്ഷങ്ങളുടെയും, കാർഷിക വിളകളുടെയും വില നിർണ്ണയം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കിയും ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കുന്നതാണ്. |
| (ഡി) | ലാന്റ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ആയത് എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ? | (ഡി) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ് ഡിവിഷൻ നമ്പരുകളും, വടയാർ വില്ലേജിലെ എല്ലാ റീസർവെ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കി നൽകണമെന്ന് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിന്മേൽ കോട്ടയം ജില്ലാ കളക്ടർ അഭിപ്രായം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സർവെ നമ്പരുകൾ കൂടി ഉൾപ്പെടുത്തുന്നത് പരിശോധിച്ച് 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസ്സർ എന്നിവ തയ്യാറാക്കിയും, നിർമ്മിതികളുടെയും, വൃക്ഷങ്ങളുടെയും, കാർഷിക വിളകളുടെയും വില നിർണ്ണയം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കിയും ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ